വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷൻ

167 (4970) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷനിൽ പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് 37 ലക്ഷം രൂപ അനുവദിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനാനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രവർത്തനാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) 2015 ജൂലൈ 31-നു മുൻപായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-എഫ്) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. 5-7-2014-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിരുന്നു. ആദ്യതവണ (21-10-2014) ഒരു കരാറുകാരൻ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ രേഖപ്പെടുത്തിയ സിംഗിൾ ടെണ്ടർ ആയതുകാരണം റദ്ദുചെയ്തു. റീ-ടെണ്ടർ (22-2-2015) ചെയ്തിട്ടും ആരും പങ്കെടുത്തില്ല. ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് അംഗീകരിച്ചശേഷം കേരള വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും പ്രവൃത്തി നടപ്പാക്കാൻ കഴിയുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly